"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.CDN2/47/2026-GAD
പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23-07-2026

**സർക്കുലർ**

വിഷയം:- പൊതുഭരണ വകുപ്പ്- സർക്കാർ ഡയറി 2027 — വിവരശേഖരണം - സംബന്ധിച്ച്

സൂചന:- 15.06.2021 ലെ സ.ഉ. (സാധാ) 2204/2021-പൊഭവ നമ്പർ ഉത്തരവ്.

സർക്കാർ ഡയറിയുടെ അച്ചടി പരിമിതപ്പെടുത്തുന്നതിനും, ഡിജിറ്റൽ ഡയറിക്ക് പ്രാധാന്യം നൽകുന്നതിനും, മറ്റ് വകുപ്പുകളും സ്ഥാപനങ്ങളും സ്വന്തമായി ഡയറി അച്ചടിക്കാൻ പാടില്ലെന്നും സൂചന പ്രകാരം ഉത്തരവായിരുന്നു. 2027-ലെ സർക്കാർ ഡയറി/ഡിജിറ്റൽ ഡയറിയിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ ഓൺലൈനിലൂടെയാണ് ശേഖരിക്കുന്നത്. വിവിധ സർക്കാർ വകുപ്പുകൾ, ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് അനുവദിച്ചിട്ടുള്ള യൂസർ നെയിമും പാസ്സ് വേഡും ഉപയോഗിച്ച് http://gaddiary.kerala.gov.in-ലൂടെ 25.07.2026 മുതൽ 24.08.2026 വരെ ഡയറിയിൽ ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ നൽകാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2026-ലെ ഡയറിയിൽ ഉൾപ്പെട്ടിട്ടുളള പദവികളെ സംബന്ധിച്ച വിശദാംശങ്ങൾ മാത്രമേ 2027-ലെ ഡയറിക്കായി ഓൺലൈനിലൂടെ സമർപ്പിക്കാവൂ.
2. ലോക്ഭവൻ, മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും ഓഫീസുകൾ, സ്പീക്കറുടെ ഓഫീസ്, പ്രതിപക്ഷനേതാവിന്റെ ഓഫീസ്, ഡെപ്യൂട്ടി സ്പീക്കറുടെ ഓഫീസ്, സർക്കാർ ചീഫ് വിപ്പിന്റെ ഓഫീസ് എന്നിവയുടെ വിശദാംശങ്ങൾ അതതു ഓഫീസുകളിൽ നിന്നും ഓൺലൈൻ വഴി നൽകേണ്ടതാണ്.
3. സെക്രട്ടേറിയറ്റിലെ അതത് വകുപ്പുകളിലെ ജോയിന്റ് സെക്രട്ടറി മുതൽ സെക്രട്ടറിതലം വരെയുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ അതാത് വകുപ്പിലെ Consolidation സെക്ഷൻ ഓൺലൈനായി നൽകേണ്ടതാണ്.
4. എം.പി. മാരുടെ വിശദാംശങ്ങളും ന്യൂഡൽഹിയിലെ കേരള സർക്കാർ ഓഫീസുകളുടെ വിശദാംശങ്ങളും റസിഡന്റ് കമ്മീഷണറുടെ ഓഫീസിൽ നിന്നും ഓൺലൈൻ മുഖാന്തിരം നൽകേണ്ടതാണ്.
5. ജില്ലാ ഓഫീസുകളുടെ വിശദാംശങ്ങൾ അതാത് ജില്ലാ കളക്ടർമാരുടെ ഓഫീസിൽ നിന്ന് ഓൺലൈൻ വഴി ലഭ്യമാക്കേണ്ടതാണ്.
6. എം.എൽ.എ.മാരുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും വിശദാംശങ്ങൾ നിയമസഭാ

സെക്രട്ടേറിയറ്റിൽ നിന്നും ഓൺലൈൻ വഴി ലഭ്യമാക്കേണ്ടതാണ്.

7. വിശദാംശങ്ങളിൽ മാറ്റങ്ങളില്ലാത്ത വകുപ്പുകളും ഓഫീസുകളും സ്ഥാപനങ്ങളും മേൽപ്രകാരം login ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തി update ചെയ്യേണ്ടതാണ്.
8. തിരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ ചെയ്ത് എല്ലാ വിവരങ്ങളും കൃത്യമാണെന്ന് ഉറപ്പുവരുത്തി 'update' ചെയ്ത ശേഷം മാത്രമേ data freeze ചെയ്യണമോ എന്ന ഫീൽഡിൽ 'Yes' ബട്ടൺ ക്ലിക്ക് ചെയ്യാവൂ. Data freeze ചെയ്തുകഴിഞ്ഞാൽ വീണ്ടും login ചെയ്യാനോ യാതൊരുവിധ മാറ്റവും വരുത്താനോ സാധിക്കില്ല
9. ഓൺലൈനിലൂടെ നൽകുന്ന വിശദാംശങ്ങളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട ഓഫീസ് മേധാവിയ്ക്കായിരിക്കും.
10. ഡയറിയിൽ വിവരങ്ങൾ ഉൾപ്പെടുത്താറുള്ള കീഴ് ഓഫീസുകളുടെ വിവരങ്ങൾ update ചെയ്തിട്ടുണ്ടെന്ന് എല്ലാ വകുപ്പ് മേധാവികളും ഓഫീസ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.
11. 2026-ലെ സർക്കാർ ഡയറിയിൽ ഉൾപ്പെട്ടിട്ടുള്ളതും യൂസർ നെയിമും പാസ് വേഡും ലഭ്യമായിട്ടില്ലാത്തതുമായ സ്ഥാപനങ്ങളും ഓഫീസുകളും keralagovernmentdiary@gmail.com എന്ന മെയിൽ വഴി ബന്ധപ്പെട്ട് ഇവ കൈപ്പറ്റേണ്ടതാണ്.
12. ഓൺലൈനായി വിവരങ്ങൾ നൽകുന്നതിന് സാങ്കേതിക ബുദ്ധിമുട്ട് ഉണ്ടാകുന്ന പക്ഷം **0471 2518120** എന്ന ഫോൺ നമ്പരിലോ keralagovernmentdiary@gmail.com എന്ന മെയിൽ id വഴിയോ ബന്ധപ്പെട്ട് പരിഹാരം തേടാവുന്നതാണ്.
13. നിശ്ചിത സമയപരിധിക്കുള്ളിൽ ഓൺലൈനായി വിവരങ്ങൾ ഉൾപ്പെടുത്താത്ത/നിലവിലുള്ള വിവരം ശരിയാണെന്ന് ഉറപ്പുവരുത്താത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ സർക്കാർ ഡയറിയിൽ നിന്നും ഒഴിവാക്കുന്നതാണ്.

ANIL JOHNEY
അഡിഷണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്
ഗവർണറുടെ സെക്രട്ടറി, ലോക് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
റസിഡന്റ് കമ്മിഷണർ, റസിഡന്റ് കമ്മിഷണറുടെ കാര്യാലയം, ന്യൂഡൽഹി - 110001
കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടേയും രജിസ്ട്രാർമാർക്ക്

സ്റ്റേറ്റ് ഇൻഫോമാറ്റിക്സ് ഓഫീസർ, NIC, കേരള സ്റ്റേറ്റ് സെന്റർ, സി-ഡാക് ബിൽഡിംഗ്,
വെള്ളയമ്പലം, തിരുവനന്തപുരം -33
ഡയറിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപന മേധാവികൾക്കും
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്
(പ്രസ്സ് റിലീസിനും മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണം നടത്തുന്നതിനുമായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (E3549302)

ഉത്തരവിൻ പ്രകാരം

Digitally signed by
Sabu T K
Date: 23-07-2026
18:19:25

സെക്ഷൻ ഓഫീസർ

പകർപ്പ്:-

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സർക്കാർ ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്